# പതിനാലാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 630** **29/01/2019-ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾക്ക് കിട്ടാനുള്ള കുടിശ്ശികയും കേരള ബാങ്ക് രൂപീകരണവും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ ബാങ്കുകളുടെ ശരാശരി ലാഭത്തിനേക്കാൾ കൂടുതലാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (എ) | സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ നാല് വർഷങ്ങളിലായി തുടർച്ചയായി ലാഭത്തിലാണ്. 31/03/2018 ലെ കണക്കുകൾ പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് 151.52 കോടി സഞ്ചിത നഷ്ടം മാത്രമേ ഉള്ളൂ. |
| (ബി) | എങ്കിൽ ലാഭത്തിലുള്ള ജില്ലാ ബാങ്കുകളെ നഷ്ടത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിലുള്ള ആശങ്ക ആർ.ബി.ഐ. പ്രകടിപ്പിക്കുകയുണ്ടായോ; | (ബി) | അർ.ബി.ഐ ഇത്തരത്തിൽ ഒരു ആശങ്ക പ്രകടിപ്പിച്ചിട്ടില്ല. |
| (സി) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി, സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾക്ക് കിട്ടാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിൽ സർക്കാർ ഇടപെടുമോ; വിശദമാക്കുമോ; | (സി) | ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇളവുകളോടെ വായ്പകൾ തീർപ്പാക്കാൻ കുടിശ്ശികക്കാർക്ക് അവസരം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ ഭാഗമായി റബ്കോ അടക്കമുള്ള ചില സ്ഥാപനങ്ങൾ പ്രസ്തുത സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള മുന്നൂറ്റിആറ് (306) കോടി രൂപയുടെ കടം സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ? | (ഡി) | റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും അനുവദിച്ചിരുന്ന വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കി ആയത് സർക്കാർ അടയ്ക്കുന്നതിനും, പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് സർക്കാരിലുള്ള വായ്പാ ബാധ്യതയായി മാറ്റുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾ നിശ്ചിത കാലയളവിൽ തിരിച്ച് അടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ